നം.ബി 1/21782/റ്റിസി/2014

ട്രാൻസ്പോർട്ട് കമ്മിഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം
തീയതി. 08.07 .2015

# സർക്കുലർ നമ്പർ 16 /2015

വിഷയം: മോട്ടോർ വാഹന വകുപ്പ്- വാഹനങ്ങളുടെ നികുതി കുടിശ്ശിക- ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി- സംബന്ധിച്ച്.

സൂചന: 1. 29-12-2014 ലെ GO(P) 91/2014/Trans നമ്പർ ഉത്തരവ്

2. ഈ ഓഫീസിൽ നിന്നും 5/1/2015 ൽ നൽകിയ 2/2015 നമ്പർ സർക്കുലർ

3. 30-6-2015 ലെ GO (P) 41/2015/Trans നമ്പർ ഉത്തരവ്.

കേരളത്തിൽ 5 വർഷമോ അതിൽ കൂടുതലോ കാലയളവിൽ നികുതി കുടിശ്ശിക വരുത്തിയിട്ടുള്ള വാഹനങ്ങളുടെ കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം അടയ്ക്കുന്നതിന് 30-6-2015 വരെ ഏർപ്പെടുത്തിയിരുന്ന സമയപരിധി 31-12-2015 വരെ ദീർഘിപ്പിച്ചുകൊണ്ട് സൂചന (3) പ്രകാരം സർക്കാർ ഉത്തരവായിരിക്കുകയാണ്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം നൽകിയ സർക്കുലർ നിർദ്ദേശങ്ങളുടെ തുടർച്ചയായി താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി നൽകുന്നു.

1. 31-12-2014 വരെ 5 വർഷമോ അതിൽ കൂടുതലോ കാലയളവിൽ നികുതി കുടിശ്ശികയുള്ള വാഹനങ്ങൾക്ക് മാത്രമേ മേൽ പദ്ധതി വഴി നികുതി കുടിശ്ശിക അടയ്ക്കാൻ സാധിക്കുകയുള്ളൂ.

2. 5 വർഷമോ അതിൽ കൂടുതലോ കാലം നികുതി കുടിശ്ശിക ഉണ്ടായിരുന്നതും എന്നാൽ റവന്യൂ റിക്കവറി വഴി 01-01-2010 ന് ശേഷമുള്ള കാലയളവിലേക്ക് (31-12-2014 ന് മുൻപ് വരെ) ഭാഗികമായോ പൂർണ്ണമായോ കുടിശ്ശിക ഈടാക്കിയിട്ടുള്ളതുമായ വാഹനങ്ങൾക്ക് 31-12-2014 വരെയുള്ള ബാക്കി വരുന്ന കാലഘട്ടത്തിലേക്ക് നികുതി കുടിശ്ശിക ഉണ്ടെങ്കിൽ അതും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി സ്വീകരിക്കാവുന്നതാണ്. ഇത്തരം വാഹനങ്ങൾക്ക് അവസാനത്തെ 5 വർഷത്തെ നികുതി കണക്കാക്കിയ ശേഷം 01-01-2010 മുതലുള്ള കുടിശ്ശികയ്ക്ക് റവന്യൂ റിക്കവറി വഴി ഈടാക്കിയ തുക കുറച്ച് ബാക്കി വരുന്ന തുകയുടെ 20% (നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് 30 %) ആണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി സ്വീകരിക്കേണ്ടത്. എന്നാൽ 01-01-2010 ന് മുൻപുള്ള കാലയളവിലേക്ക് റവന്യൂ റിക്കവറി വഴി നികുതി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അത് അവസാനത്തെ 5 വർഷത്തെ നികുതി നിർണ്ണയിക്കുമ്പോൾ കണക്കിലെടുക്കുവാൻ പാടില്ല.

3. ജി ഫോം വഴിയോ അല്ലാതെയോ അവസാനത്തെ 5 വർഷത്തിനുള്ളിൽ നികുതി ഒഴിവാക്കിയിട്ടുണ്ടെങ്കിൽ, പ്രസ്തുത വാഹനങ്ങൾക്ക് 31-12-2014 വരെ നികുതി കുടിശ്ശിക ഉണ്ടെങ്കിൽ അതും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി സ്വീകരിക്കേണ്ടതാണ്. ഇത്തരത്തിൽ അവസാനത്തെ 5 വർഷത്തെ കുടിശ്ശിക നികുതി നിർണയിക്കുമ്പോൾ exemption നൽകിയ കാലയളവിലെ നികുതി ഉൾപ്പെടുത്തുവാൻ പാടില്ല.

4. സീരിയൽ നമ്പർ 2, 3 എന്നിവയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി software modification വരുത്തുന്ന മുറയ്ക്ക് മാത്രമേ നികുതി കുടിശ്ശിക ഈടാക്കുവാൻ പാടുള്ളൂ.

5. സ്റ്റേജ് ക്യാരേജുകളുടെ നികുതി കുടിശ്ശിക നിലവിൽ സ്റ്റേജ് ക്യാരേജ് നിരക്കിൽ തന്നെ കണക്കാക്കേണ്ടതാണ്. Idle rate, NTV rate എന്നിവ തൽക്കാലം പരിഗണിക്കേണ്ടതില്ല. സൂചന 3 പ്രകാരമുള്ള സർക്കാർ ഉത്തരവിൽ ഭേദഗതി വരുന്ന മുറയ്ക്ക് മാത്രമേ Idle rate, NTV rate എന്നിവ കൂടി ഉൾപ്പെടുത്തി സ്റ്റേജ് ക്യാരേജുകളുടെ കുടിശ്ശിക നിർണ്ണയിക്കുവാൻ സാധിക്കുകയുള്ളൂ. പ്രസ്തുത ഭേദഗതി വരുന്ന മുറയ്ക്ക് ഈ ഓഫീസിൽ നിന്നും നിർദ്ദേശം നൽകുന്നതാണ്.

6. 31-12-2014 വരെയുള്ള കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി അടയ്ക്കുന്നതിന് RC Book ഉൾപ്പെടെയുള്ള വാഹനത്തിന്റെ രേഖകൾ ഒന്നും ഹാജരാക്കണമെന്ന് നിഷ്കർഷിക്കാൻ പാടില്ല. 01-01-2015 ന് ശേഷം വാഹനം ഓടുവാൻ ഉദ്ദേശിക്കുകയാണെങ്കിൽ വാഹന ഉടമയ്ക്ക് 01-01-2015 ന് ശേഷമുള്ള കാലത്തേക്ക് നികുതി അടയ്ക്കാൻ നിർദ്ദേശം നൽകാവുന്നതാണ്. എന്നാൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി നികുതി കുടിശ്ശിക അടയ്ക്കുന്നതിന് ഡിമാന്റ് അവസാനിപ്പിക്കുവാനുള്ള സത്യവാങ്മൂലം സമർപ്പിക്കുന്നില്ലായെങ്കിൽ പോലും 01-01-2015 മുതലുള്ള നികുതി കൂടി അടയ്ക്കണം എന്ന് ആവശ്യപ്പെടുവാൻ പാടുള്ളതല്ല.

7. വാഹനത്തിന് ചെക്ക് റിപ്പോർട്ട്, സെയിൽ ഇന്റിമേഷൻ തുടങ്ങിയ ഒബ്ജക്ഷൻ ഉണ്ടെങ്കിൽ പോലും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി നികുതി കുടിശ്ശിക അടയ്ക്കുന്നതിന് തടസ്സം ഉന്നയിക്കുവാൻ പാടുള്ളതല്ല. എന്നാൽ ചെക്ക് റിപ്പോർട്ട്/ സെയിൽ ഇന്റിമേഷൻ തുടങ്ങിയവയിൽ തീർപ്പ് കൽപ്പിച്ചതിനുശേഷം മാത്രമേ ഡിമാന്റ് സ്റ്റോപ്പ് ചെയ്യുവാൻ പാടുള്ളൂ.

8. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം ഉള്ള കാലാവധി 31-12-2015 വരെ ദീർഘിപ്പിച്ച വിവരം പത്രമാധ്യമങ്ങളിലൂടെ പൊതുജനങ്ങളെ അറിയിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

ഒപ്പ്/-
ട്രാൻസ്പോർട്ട് കമ്മീഷണർ.

അംഗീകാരത്തോടെ

സീനിയർ ഡി.റ്റി.സി (ടാക്സേഷൻ)

സ്വീകർത്താവ്: എല്ലാ ഡിറ്റിസി, ആർ.റ്റി.ഒ, ജോയിന്റ് ആർ.റ്റി.ഒ, എം.വി.ഐ (ചെക്ക് പോസ്റ്റ് ) മാർക്കും

പകർപ്പ്: ഡയറക്ടർ എൻ.ഐ.സി ക്കും, എസ്.എസ്.ജി സെല്ലിനും- സോഫ്റ്റ്‌വയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനായി